പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 922

09.08.2017 ന് മറുപടിയ്ക്ക്.

## തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ

*ചോദ്യം*

ശ്രീ. റ്റി.വി.രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. ഐ.ബി. സതീഷ് :
ശ്രീ. എം. സ്വരാജ് :

(എ) ആധുനിക കാലഘട്ടത്തിലെ ജോലികൾക്ക് യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമെന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence) ന്റെ മേൽനോട്ടത്തിൽ നഴ്സിംഗ്, ഓയിൽ & റിഗ്ഗ് ഇൻഡസ്ട്രി , ടീച്ചിംഗ് , ഫിനാൻഷ്യൽ സർവ്വീസസ്, മെക്കാനിക്കൽ കൺസ്ട്രക്ഷൻ, ഇൻഡസ്ട്രി ഓട്ടോമേഷൻ, ബ്യൂട്ടി & വെൽനെസ്സ്, മറൈൻ, ഫിസിയോതെറാപ്പി, ആയുർവേദ. ടൂറിസം & ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി, മൾട്ടിമീഡിയ ഡിസൈൻ, വാട്ടർ & വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് തുടങ്ങിയ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി താഴെപ്പറയുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.

I സെന്റർ ഓഫ് എക്സലൻസ്

- NICE (നെഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
- CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
- ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
- CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
- CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)
- KGNLA (കേസ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി)

- SWAT (സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി)

II ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)
III കൗശൽകേന്ദ്രകൾ
IV എംപ്ലോയബിലിറ്റി സെന്ററുകൾ
V കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
VI കരിയർ ഡവലപ്മെന്റ് സെന്റർ

ഇതോടൊപ്പം നൈപുണ്യവികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്കരീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ KASE -ന്റെ കീഴിൽ പുരോഗമിച്ചു വരുന്നു. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഗ്രാമീണവികസന മന്ത്രാലയം 'ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന' (DDUGKY) എന്ന പേരിൽ കുടുംബശ്രീ മുഖേന നടത്തി വരുന്ന പദ്ധതിയുടെ ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായും KASE പ്രവർത്തിച്ചു വരുന്നു.

<u>അക്രഡിറ്റേഷൻ</u>

കൂടാതെ വിവിധ വ്യവസായ മേഖലകളിൽ നിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രഡിറ്റേഷൻ ലഭ്യമാക്കുന്നു. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ ക്കനുസരിച്ച് കോഴ്സുകൾ രൂപ കല്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടി കൊടുക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നത്.

(ബി) ഇതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ;

(ബി) ഉണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടത്തി വരുന്നു. ഇത് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും, കഴിവും. അഭിരുചിയും മനസ്സിലാക്കി അതിനനുസൃതമായ പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും.

എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ തൊഴിൽമേളകളിലൂടെ സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ ആവരെ സഹായിക്കുകയും ചെയ്യുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. മലപ്പുറം. തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. മറ്റു ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) ഓരോ വർഷവും കേരളത്തിലെ വിവിധ എഞ്ചിനിയറിംഗ് കോളജുകളിൽ പഠിക്കുന്ന 50,000 വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഐ.ടി.ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) എന്ന ഏജൻസി മുഖേന നടപ്പാക്കാനുദ്ദേശിച്ച് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്കിൽസ് ഡലിവറി പ്ലാറ്റ്ഫോം കേരള. കേരളത്തിലെ 150 എഞ്ചിനിയറിംഗ് കോളജുകളെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ബന്ധിപ്പിക്കാവുന്ന ഹൈടെക് ക്ലാസ്സുറികൾ സജീകരിച്ച് കമ്പനികളിലെ പ്രമുഖ വ്യക്തികൾക്കും വ്യവസായ മേഖലയിൽ ഉയർന്ന സ്ഥാനം വഹിക്കുന്നവർക്കും വിദ്യാർത്ഥികളുമായി സംവദിക്കാൻ ഉതകുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്കിൽസ് ഡലിവറി പ്ലാറ്റ്ഫോമിലൂടെ വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലന കോഴ്സുകൾ വ്യവസായ മേഖലയിലെ പ്രമുഖ കമ്പനികളുമായി ചേർന്ന് അവരുടെ സഹായത്തോടെയാണ് വികസിപ്പിക്കുന്നത്. ഇത്തരത്തിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ അടങ്ങുന്ന ഒരു ഡാറ്റാബേസ് പ്രസ്തുത പ്ലാറ്റ്ഫോമിൽ രൂപീകരിക്കുന്നതു വഴി തൊഴിൽ ദാതാക്കൾക്ക് കഴിവുള്ള ഉദ്യോഗാർത്ഥികളിലേക്ക് നേരിട്ട് എത്തിച്ചേരാനും സാധിക്കും. ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Bindu

സെക്ഷൻ ഓഫീസർ